(എ) സർക്കാരിന്റേയും പഞ്ചായത്തിന്റേയും മറ്റ് പല ഏജൻസിയുടേയും ഉടമസ്ഥതയിലുള്ള ഭൂമി പലയിടങ്ങളിലും കൈയ്യേറ്റം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പുറംപോക്കുഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കെട്ടി സംരക്ഷിക്കാൻ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ഭൂമി കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ കേരള ഭൂസംരക്ഷണ നിയമ പ്രകാരം മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സഹകരണത്തോടുകൂടി ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

കോവളത്തുള്ള ഐ. ടി. ഡി. സി. ഹോട്ടൽ സ്ഥിതി ചെയ്യുന്ന സ്ഥലം സ്വകാര്യ വ്യക്തിക്ക് കൈമാറിയ നടപടി

34 [5671] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ടി. തോമസ്:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഡി. സി.-യുടെ കോവളത്തുള്ള ഹോട്ടൽ സ്ഥാപിക്കുന്നതിനുള്ള ഭൂമി സംസ്ഥാന ഗവൺമെന്റ് സൗജന്യമായി നൽകിയതാണോ;

(ബി) എത്ര ഹെക്ടർ ഭൂമിയാണ് ആയതിന് വേണ്ടി നൽകിയത്;

(സി) പ്രസ്തുത ഹോട്ടൽ സ്വകാര്യവൽക്കരിച്ചപ്പോൾ അതിന്റെ ഭൂമിയും സ്വകാര്യ വ്യക്തിക്ക് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഭൂമിക്ക് എന്ത് വിലയാണ് നിശ്ചയിച്ചത്;

(ഇ) പ്രസ്തുത തുക സംസ്ഥാന ഗവൺമെന്റിന് ലഭിക്കുവാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

റവന്യൂ വകുപ്പിലെ വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം

35 [5672] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര വിജിലൻസ് സെല്ലുകൾ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഈ വിജിലൻസ് സെല്ലുകൾ രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ്;

(സി) ഈ കേസ്സുകളിൽ എത്രയെണ്ണം ഇതിനകം തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) നിലവിലുള്ള ബാക്കി കേസുകളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) റവന്യൂ വകുപ്പിലെ അഴിമതി തടയുന്നതിന് പ്രസ്തുത വിജിലൻസ് സെൽ വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട്.

(ബി) 301 കേസുകൾ.

(സി) 229 എണ്ണം.

(ഡി) ബാക്കി കേസ്സുകളിൽ തെളിവെടുപ്പും അന്വേഷണവും നടന്നുവരുന്നു.

(ഇ) അഴിമതി സംബന്ധിച്ച പരാതി കേസ്സുകളിൽ വിജിലൻസ് വിഭാഗം ഡെപ്യൂട്ടി കളക്ടർ പരാതിക്കാരെ നേരിട്ട് വിചാരണ നടത്തി മൊഴിയെടുക്കുകയും തെളിവുകൾ ശേഖരിക്കുകയും ചെയ്യുന്നു. വിശദമായ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി മേൽനടപടികൾക്കായി ലാന്റ് റവന്യൂ കമ്മീഷണർക്കും സർക്കാരിനും സമർപ്പിക്കുന്നു. കൂടാതെ റവന്യൂ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തി വീഴ്ചകൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യാറുണ്ട്. റവന്യൂ വകുപ്പിലെ അഴിമതി തടയുന്നതിന് വിജിലൻസ് സെല്ലുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly